**ചോദ്യോത്തരം**

**മുജീബ്**

# ഖിലാഫത്തും കുടുംബവാഴ്ചയും

■ *".... ഖലീഫമാരുടെ കുടുംബഭരണത്തെ എതിർത്തതിനാലായിരുന്നു ഹുസൈനെയും കുടുംബത്തെയും ഇല്ലായ്മ ചെയ്തതെന്ന് വായിച്ചിട്ടുണ്ട്. ശിയാക്കൾ ഈ രക്തസാക്ഷിത്വം പേറിയവരുടെ പിൻഗാമികളല്ലേ? പ്രവാചകന്റെ പാരമ്പര്യമുള്ളവർ, അവരുടെ അനുയായികൾ, അനീതികളെ എതിർത്തവർ, ചരിത്രത്താളുകളിലൂടെ കടന്നുപോകുമ്പോൾ എന്റെ മനസ്സുകൾ അവരിലേക്ക് ആർദ്രമാകുന്നു. എന്തുകൊണ്ട് ചരിത്രത്തിൽ ഒറ്റപ്പെട്ടവരായി അവർ."*

*"അതെ, തെരഞ്ഞെടുക്കപ്പെട്ട അവസാനത്തെ ഖലീഫയായ അലിക്കെതിരെ കലാപമുയർത്തി ഉയർന്നുവന്നവനായിരുന്നു മുആവിയ. അലിയുടെ രക്തസാക്ഷിത്വത്തിനു ശേഷം വാളിന്റെ ഫലത്താൽ ഖലീഫയായി അവരോധിക്കപ്പെട്ട മുആവിയയുടെ സൈനിക ശക്തിക്കു മുമ്പിൽ അവസരവാദത്തോടെ അടിയറവെച്ചവരാണ് ഇന്ന് മുസ്‌ലിംകളെന്ന പേരിൽ ലോകമെമ്പാടുമുള്ള, ശീഈകളല്ലാത്ത, നീ കൂടി ഉൾപ്പെട്ടവർ. സുന്നികളെന്ന പേരിൽ അവരൊറ്റ കക്ഷിയായിരുന്നു, അന്ന്. അവസരവാദത്തിന്റെ, വഞ്ചനയുടെ കറയുണ്ട് വാസ്തവത്തിൽ നിങ്ങളുടെ ചരിത്രത്തിൽ. ഇസ്‌ലാമിലെ അന്തഃഛിദ്രമൊഴിവാക്കാൻ ശക്തനായ നേതാവിനു മുന്നിൽ അണിനിരക്കുകയായിരുന്നത്രെ! അതെ, ശക്തിക്കുമുമ്പിൽ നീതി മുട്ടുകുത്തി! മുആവിയക്ക് ശേഷം ഖിലാഫത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ കാറ്റിൽ പറത്തി കുടുംബഭരണത്തിലേക്ക് അധികാരം നീണ്ടു."*

*ഇങ്ങനെ വായിക്കാവുന്ന ചരിത്രമാണോ ഖിലാഫത്തിന്റേത്?*

***അശ്റഫ് മുഹമ്മദ് കവ്വായി***

**ഖി**ലാഫത്തിനെയും ശീഈസത്തെയും കുറിച്ച തെറ്റായ വായനയുടെ ഫലമാണ് ചോദ്യത്തിൽ ഉദ്ധരിച്ച വരികൾ. ഇസ്‌ലാമിക രാഷ്ട്രത്തിലെ എല്ലാതരം പൗരന്മാരിലുംപെട്ട, താരതമ്യേന ഭക്തിയും സൂക്ഷ്മതയും അറിവും ഭരണശേഷിയുമുള്ള ആരെയും കൂടിയാലോചനയിലൂടെ ഖലീഫയായി തെരഞ്ഞെടുക്കാം. ഇന്നത്തെ രീതിയിൽ, ജനാധിപത്യപരമായ തെരഞ്ഞെടുപ്പ്. നബി(സ) ജീവിച്ചിരുന്നപ്പോൾതന്നെ അദ്ദേഹം പ്രവിശ്യാ ഗവർണർമാരായി നിയോഗിച്ചിരുന്നത് മേൽ പറഞ്ഞ യോഗ്യതയുള്ളവരെയായിരുന്നു, സ്വന്തക്കാരെയും ബന്ധുക്കളെയും ആയിരുന്നില്ല. പിതൃവ്യനായ അബ്ബാസോ പിതൃസഹോദരപുത്രനായ അലി(റ)യോ ഇല്ലാത്തതു കൊണ്ടായിരുന്നില്ല മുആദുബ്നു ജബലിനെ നബി യമനിലെ ഗവർണറായി നിയോഗിച്ചത്; അവർക്ക് യോഗ്യതയിലും ഒരു കുറവും ഉണ്ടായിരുന്നില്ല. 'ഉണങ്ങിയ മുന്തിരി പോലെ തലമുടിയുള്ള എത്യോപ്യൻ അടിമ തന്നെ നിങ്ങളുടെ ഭരണാധികാരിയായി വന്നാലും അയാളെ അനുസരിക്കണം' എന്ന് നബി(സ) കൽപിച്ചതും ഏത് വംശക്കാരനും ഖലീഫയാവാനുള്ള സാധ്യതയിലേക്ക് വിരൽചൂണ്ടുന്നു. തനിക്ക് ശേഷം ഒരാളെയും പിൻഗാമിയായി നാമനിർദേശം ചെയ്യാതെയാണ് നബി നിര്യാതനായത്. ആദ്യ ഖലീഫമാരായി യഥാക്രമം അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടതും പ്രവാചക കുടുംബാംഗങ്ങളായിരുന്നതുകൊണ്ടായിരുന്നില്ല. ഘാതകന്റെ കുത്തേറ്റു മരണശയ്യയിൽ കിടക്കെ രണ്ടാം ഖലീഫ ഉമർ(റ) തന്റെ പിൻഗാമിയായി നാമനിർദേശം ചെയ്യാൻ ആഗ്രഹിച്ചവരിൽ ഒരാൾ അബൂഹുദൈഫയുടെ മോചിത അടിമയായിരുന്ന സാലിം ആയിരുന്നു. സ്വന്തം പുത്രൻ അബ്ദുല്ല മഹാപണ്ഡിതനായിരിക്കെ അദ്ദേഹത്തെ നാമനിർദേശം ചെയ്യാൻ ഉമർ വിസമ്മതിക്കുകയും ചെയ്തു. അതിനാൽ കുടുംബവാഴ്ച ഇസ്‌ലാമിലില്ല. അതാദ്യമായി ഏർപ്പെടുത്തിയത് പ്രഥമ ഉമവീ ഭരണാധികാരി മുആവിയ ആയിരുന്നു. മകൻ യസീദിനെ കിരീടാവകാശിയായി അദ്ദേഹം പ്രഖ്യാപിച്ചപ്പോൾ ഇബ്നു അബ്ബാസ്, ഇബ്നു ഉമർ, ഇബ്നു സുബൈർ, അബ്ദുർറഹ്മാനുബ്നു അബൂബക്കർ, ഹുസൈൻബ്നു അലി തുടങ്ങിയ പ്രമുഖർ അതിനെ എതിർത്തിരുന്നതാണ്. പക്ഷേ ആഭ്യന്തരയുദ്ധം ഒഴിവാക്കാൻ ചിലർ പിന്മാറിയപ്പോൾ അബ്ദുല്ലാഹിബ്നു സുബൈറും ഹുസൈനുബ്നു അലിയും സായുധ ചെറുത്തുനിൽപിനു തയാറായി, രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. ഇസ്‌ലാ

മിക രാഷ്ട്രത്തിന്റെ നിലനിൽപും ഭദ്രതയും ഒരുവശത്തും വിനാശകരമായ ആഭ്യന്തരയുദ്ധസാധ്യത മറുവശത്തും പ്രശ്നമായപ്പോൾ സംയമനം പാലിച്ച പ്രവാചകശിഷ്യരെ ഒരുനിലക്കും കുറ്റപ്പെടുത്താനാവില്ല. എന്നാൽ ഖിലാഫത്തിനെ രാജവാഴ്ചയാക്കി മാറ്റുന്ന തെറ്റായ വഴക്കത്തിനെതിരെ വാളെടുത്ത ഇമാം ഹുസൈന്റെയും അബ്ദുല്ലാഹിബിനു സുബൈറിന്റെയും രക്തസാക്ഷിത്വത്തെ വിലകുറച്ചു കാണാനുമാവില്ല. അതേസമയം കുടുംബവാഴ്ചക്കെതിരെ പൊരുതി മരിച്ച ഹുസൈന്റെ പേരിൽ മറ്റൊരു കുടുംബവാഴ്ചാ സിദ്ധാന്തം കെട്ടിയുറപ്പിച്ച ശീഈസത്തെ ഒരർഥത്തിലും ന്യായീകരിക്കാൻ വയ്യ. കേവല ചരിത്രമായി കഴിഞ്ഞ നിർഭാഗ്യകരമായ സംഭവങ്ങളുടെ പേരിൽ ഇന്നും മുസ്‌ലിം ലോകം സുന്നി-ശീഈ വിഭാഗീയതയുടെ ശാപംപേറിനടക്കുന്നത് മഹാ അബദ്ധമാണ്, പരാജയ കാരണവുമാണ്. ചരിത്രം വേട്ടയാടുന്ന ഒരു സമുദായമായി മുസ്‌ലിംകൾ എക്കാലവും തുടരരുത്.

## ബുദ്ധിജീവി നാട്യം

■ *"സായുധ സമരം തെറ്റാണെന്ന് ഇസ്‌ലാം പറയുന്നില്ല. നബി തിരുമേനി കച്ചവടക്കാരൻ മാത്രമായിരുന്നില്ല. പോരാളി കൂടിയായിരുന്നു. മുസ്‌ലിം ലീഗ് പോലുള്ള സംഘടനകൾ സായുധിയുടെ ഇസ്‌ലാമിനെ ആദ്യം തൊട്ടേ ഉപേക്ഷിച്ചിരുന്നു.... ഇസ്‌ലാമിന്റെ ആത്മീയ പരിസരത്തുനിന്ന് സഹനത്തിന്റെയും സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും ജനാധിപത്യത്തിന്റെയും ഇടങ്ങൾ കണ്ടെത്താനാണ് മുസ്‌ലിം ലീഗ് പോലുള്ള ജനാധിപത്യ സംഘടനകൾ ശ്രമിച്ചിട്ടുള്ളത്. ഇസ്‌ലാമിനകത്തെ ആയുധമണിഞ്ഞ തീവ്രവാദത്തെ ഭൂരിഭാഗം മുസ്‌ലിം സംഘടനകളും എതിർക്കുന്നത് സ്വാതന്ത്ര്യാനന്തരം ജനാധിപത്യ ധാരയിലേക്ക് കൂടുതൽ അടുക്കാനും നീതി നിഷേധത്തിനെതിരെ ജനാധിപത്യ മാർഗത്തിലൂടെ പ്രതിരോധിക്കാനും വേണ്ടിയാണ്. എന്നാൽ മുസ്‌ലിം ലീഗ് ജനാധിപത്യ രീതികളെ അംഗീകരിക്കുകയും തീവ്രവാദത്തെ ചെറുക്കുകയും ചെയ്തെങ്കിലും അത് മുസ്‌ലിം സമൂഹത്തെ കൂടുതൽ മതകീയതയിലേക്കും സാമുദായികതയിലേക്കും കൊണ്ടുപോയി. മതത്തിനകത്തെ വിമോചനപരമായ ഉള്ളടക്കത്തെ പുതിയ കാലത്തേക്ക് സർഗാത്മകമായി ഉയർത്തിക്കൊണ്ടുവരാൻ ലീഗിന് കഴിഞ്ഞില്ല.... പോർച്ചുഗീസ്/ബ്രിട്ടീഷ് കാലഘട്ടത്തിലൊക്കെ മുസ്‌ലിം സമുദായത്തിനകത്ത് രൂപപ്പെട്ട സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തെ വർത്തമാന കാലത്ത് അർഥപൂർണമാംവിധം നവീകരിച്ച് മുന്നോട്ടു കൊണ്ടുപോകാൻ ലീഗിന് സാധിച്ചില്ല... ലാവ്‌ലിൻ വിഷയത്തിലും ലീഗ് ശക്തമായ നിലപാട് കൈക്കൊണ്ടില്ല. സി.പി.എമ്മിനെ പ്രതിരോധിക്കാനും ലീഗിന് സാധ്യമാവുന്നില്ല. സാമ്രാജ്യത്വ വിരുദ്ധം എന്ന് പ്രത്യക്ഷത്തിൽ തോന്നിക്കുന്നതും ആഴത്തിൽ സാമ്രാജ്യത്വത്തോട് സമരസപ്പെടുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ ബുദ്ധിജീവിനാട്യങ്ങൾക്ക് മുന്നിലും ലീഗ് പതറിപ്പോയി" ('മണ്ണും മതവും' എന്ന ലേഖനത്തിൽനിന്ന്. പി. സുരേന്ദ്രൻ, മംഗളം, 2009 ഫെബ്രു. 19).*

*ഈ വിലയിരുത്തലിനോടുള്ള മുജീബിന്റെ പ്രതികരണം?*

***എസ്.എസ് മുസ്തഫ***
***വെസ്റ്റ് വെങ്ങോല, പെരുമ്പാവൂർ***

**യാ**ഥാസ്ഥിതികരെന്നും മതമൗലികവാദികളെന്നും മതരാഷ്ട്രവാദികളെന്നുമൊക്കെ തികഞ്ഞ മുൻവിധിയോടെ ജമാഅത്തെ ഇസ്‌ലാമിയെ നോക്കിക്കണ്ട നമ്മുടെ ചില ബുദ്ധിജീവികൾക്ക് നഗ്നയാഥാർഥ്യങ്ങൾ മുമ്പിൽ കാണുമ്പോഴുണ്ടാകുന്ന വിഭ്രാന്തിയും ആശയക്കുഴപ്പവുമാണ് ഇത്തരം വിശകലനങ്ങൾക്കു പിന്നിൽ. രാഷ്ട്രീയവും സാമൂഹികവുമായ ഇടപെടലുകൾ സമുദായത്തിലെ സാമാന്യ ജനത്തിന് പൊതുവിലും മത പണ്ഡിതന്മാർക്കും സ്ഥാപനങ്ങൾക്കും പ്രത്യേകിച്ചും അന്യമായിരുന്ന ഒരു കാലത്താണ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ദാർശനികവും സാംസ്കാരികവുമായ അധിനിവേശത്തിനെതിരെ തൂലിക പടവാളാക്കി സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ രംഗപ്രവേശം ചെയ്തത്. അദ്ദേഹത്തിന്റെ ചിന്തകളാണ് മുതലാളിത്ത സാമ്രാജ്യത്വത്തിനും അതിന്റെ ആത്യന്തിക പ്രതികരണമായ മാർക്സിസത്തിനുമെതിരെ വിശ്വമാനവികതയിലും സാമൂഹികനീതിയിലും അധിഷ്ഠിതമായ ഒരു ഇസ്‌ലാമിക പ്രസ്ഥാനത്തിന് ബീജാവാപം ചെയ്തത്. ആ പ്രസ്ഥാനം ഏഴു പതിറ്റാണ്ടുകളായി ഉപഭൂഖണ്ഡത്തിൽ എല്ലാ തരത്തിലുമുള്ള സാമ്രാജ്യത്വങ്ങൾക്കുമെതിരെ സമരരംഗത്തുണ്ട്. ഇന്നാകട്ടെ ലോകസമാധാനത്തിന് മുഖ്യ ഭീഷണിയായ അമേരിക്കൻ സാമ്രാജ്യത്വത്തോട് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ജമാഅത്തെ ഇസ്‌ലാമി സ്വീകരിക്കുന്നത്. ഇത് കേവലം ബുദ്ധിജീവി നാട്യമാണെന്ന് കുറ്റപ്പെടുത്തുന്നവർക്ക് പരോക്ഷമായി സാമ്രാജ്യത്വത്തിനനുകൂല സമീപനം ജമാഅത്ത് സ്വീകരിക്കുന്നതിന് ചെറിയ ഉദാഹരണമെങ്കിലും ചൂണ്ടിക്കാട്ടാൻ സാധിക്കണം. മറിച്ച് പ്രത്യയശാസ്ത്രപരമായി മൗലിക വിയോജിപ്പ് ഉണ്ടായിട്ടുകൂടി സാമ്രാജ്യത്വത്തെയും ഫാഷിസത്തെയും ചെറുക്കാൻ ഇടതുപക്ഷത്തോടൊപ്പം നിൽക്കുകയാണ് ജമാഅത്ത് ചെയ്യുന്നത്. ഒരുതരത്തിലുള്ള കച്ചവടവും ഇതിന്റെ പിന്നിലില്ലതാനും. ഇതാണോ നാട്യം?

ആര് എങ്ങനെ ഭരിച്ചാലും സമുദായത്തിന് അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുകയാണ് സാമുദായിക രാഷ്ട്രീയ പാർട്ടികളുടെ അജണ്ട. അവർക്കെങ്ങനെ സാമ്രാജ്യത്വത്തിനും സാമ്രാജ്യത്വദാസ്യപരമായ സർക്കാർ നയങ്ങൾക്കുമെതിരെ പൊരുതാനാവും?

## അവസാനത്തെ സൂക്തം

■ *"നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ആ നാളിലെ വിപത്തിനെ ഭയപ്പെടുവിൻ. അന്ന് ഓരോ മനുഷ്യനും അവൻ ചെയ്ത നന്മ തിന്മകളുടെ പ്രതിഫലം കണക്കുതീർത്ത് ലഭിക്കുന്നതാണ്. ആരും യാതൊരു അനീതിക്കും ഇരയാകുന്നതല്ല" (വിശുദ്ധ ഖുർആൻ 2:281).*

*ഏറ്റവും അവസാനമായി അവതരിച്ച ഖുർആൻ സൂക്തമിതാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (ഖുർആൻബോധനം).*

*"ദൈവസഹായം സമാഗതമാവുകയും വിജയം ലഭിക്കുകയും ജനങ്ങൾ കൂട്ടംകൂട്ടമായി ദൈവികദീനിൽ പ്രവേശിക്കുന്നതായി നീ കാണുകയും ചെയ്യുമ്പോൾ താങ്കൾ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തനം ചെയ്യുക, നിസ്സംശയം അവൻ വളരെ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു" (ഖുർആൻ 110:1-3).*

*പ്രബലമായ നിവേദന പ്രകാരം ഖുർആനിലെ ഏറ്റവും ഒടുവിൽ അവതരിച്ച അധ്യായമാണിത്. തിരുമേനിയുടെ വിയോഗത്തിനു മൂന്നു മാസം മുമ്പായിരുന്നു ഇതിന്റെ അവതരണം (ഖുർആൻ ഭാഷ്യം).*

*പൂർണമായി ഒന്നിച്ച് അവതീർണമായ ആദ്യ അധ്യായം സൂറത്തുൽ ഫാത്തിഹയാണെന്നും ടി.കെ ഉബൈദിന്റെ ഖുർആൻബോധനത്തിൽ കാണുന്നു. അവസാനമായി ഇറങ്ങിയ ആയത്ത്*

*ഏതാണ്?*

***മൂസ പൊന്ന്യം വെസ്റ്റ്***

**ആ**ധികാരിക ഖുര്‍ആന്‍ വ്യാഖ്യാതാവ് ഇബ്നു അബ്ബാസില്‍നിന്ന് ഒട്ടേറെ പണ്ഡിതന്മാര്‍ ഉദ്ധരിച്ചത് പ്രകാരം വിശുദ്ധ ഖുര്‍ആനില്‍ അവസാനമായി അവതരിച്ച സൂക്തം 2:181 ഉം പൂര്‍ണാധ്യായം 110-ാം സൂറയായ *അന്നസ്റും* ആദ്യം അവതരിച്ച പൂര്‍ണാധ്യായം പ്രഥമ സൂറയായ *അല്‍ ഫാത്തിഹ*യുമാണ്. ഉള്ളടക്കവും ഈ വസ്തുതയെ സ്ഥിരീകരിക്കുന്നു.

## റഹ്മാനും റസൂലും ഇസ്‌ലാമും

■ *ഇന്ത്യന്‍ സിനിമാ ലോകം കൈയടക്കി വാഴാനും അതുവഴി ലോകത്തിന്റെ നെറുകയിലെത്തിച്ചേരാനും റഹ്മാനും റസൂലും പോലുള്ള ഇസ്‌ലാമിന്റെ സുന്ദര നാമങ്ങളാണ് മുന്‍പന്തിയില്‍ നില്‍ക്കുന്നത് എന്നാണല്ലോ ഈ വര്‍ഷത്തെ ഓസ്കാര്‍ നമ്മെ ഓര്‍മിപ്പിക്കുന്നത്? ഈ രംഗത്ത് മുസ്‌ലിംകള്‍ 'കൊയ്തുകൊണ്ടിരിക്കുന്ന' ഇത്തരം നേട്ടങ്ങള്‍ ആധുനിക ലോകത്ത് ഇസ്‌ലാമിക പ്രചാരണരംഗത്ത് അനുകൂലമോ പ്രതികൂലമോ ആയ ഏതുതരം സ്വാധീനമാണ് സൃഷ്ടിക്കാന്‍ പോകുന്നത്?*

***കെ. അസീസ് ചൊക്ലി***

**സം**ഗീതത്തിന് എ.ആര്‍ റഹ്മാനും ശബ്ദമിശ്രണത്തിന് റസൂല്‍ പൂക്കുട്ടിയും നേടിയ ഓസ്കാര്‍ പുരസ്കാരങ്ങള്‍ ഇന്ത്യക്കും ഇന്ത്യന്‍ സിനിമക്കും അഭിമാനകരമായ നേട്ടങ്ങളാണ്. രണ്ടു പേരുടെയും നാമങ്ങള്‍ക്ക് അറബി ചുവയുള്ളതുകൊണ്ടുമാത്രം ഇസ്‌ലാമിന് ഇതുകൊണ്ട് നേട്ടമോ കോട്ടമോ ഉള്ളതായി കരുതാനാവില്ല. വിവിധ രംഗങ്ങളില്‍ പ്രതിഭാധനരായവര്‍ മുസ്‌ലിംകളിലുണ്ടെന്നും വാസനയും ദിശാബോധവും കഠിനാധ്വാനവും ഉണ്ടെങ്കില്‍ ആര്‍ക്കും ഏത് മേഖലയിലും ഉയരാമെന്നും വേണമെങ്കില്‍ മനസ്സിലാക്കാമെന്നു മാത്രം.

## മാറാട് പുനരധിവാസം

■ *സേവന, ദുരിതാശ്വാസ പ്രവര്‍ത്തനങ്ങളില്‍ ജാതി-മത അതിര്‍ത്തികള്‍ക്കപ്പുറം നിസ്സീമമായ പ്രവര്‍ത്തനങ്ങള്‍ കാഴ്ചവെക്കുന്ന ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും മാറാട് കലാപത്തെത്തുടര്‍ന്ന് അഭയാര്‍ഥികളായ ഒരു സമൂഹത്തിന്റെ പുനരധിവാസത്തിന് വേണ്ടി ഒന്നും ചെയ്തില്ലെന്ന് പറയപ്പെടുന്നു. അഭയാര്‍ഥികള്‍ മുസ്‌ലിംകളായിപ്പോയി എന്നതായിരുന്നോ ജമാഅത്ത് അവരെ പരിഗണിക്കാതിരിക്കാന്‍ കാരണം?*

***ടി. നാസിറുദ്ദീന്‍ പെരിമ്പലം***

**തെ**റ്റായ പ്രചാരണമാണിത്. മാറാട് രണ്ടാം കലാപം ഉണ്ടായ ഉടനെത്തന്നെ സ്ഥലം സന്ദര്‍ശച്ച മുസ്‌ലിം സംഘടനാ നേതാവ് അന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീറും ഇന്ന് അഖിലേന്ത്യാ ഡെപ്യൂട്ടി അമീറുമായ പ്രഫ. കെ.എ സിദ്ദീഖ് ഹസന്‍ ആയിരുന്നു. തുടര്‍ന്ന് സമാധാന പുനഃസ്ഥാപനത്തിന് സര്‍ക്കാറിനോടും ഇതര സംഘടനകളോടും സഹകരിച്ചു പരമാവധി ശ്രമിച്ചതോടൊപ്പം, അഭയാര്‍ഥികളുടെ ദുരിതാശ്വാസത്തിനും പുനരധിവാസത്തിനും നിയമസഹായത്തിനും വേണ്ടി വിവിധ മുസ്‌ലിം സംഘടനകള്‍ ചേര്‍ന്ന് രൂപവത്കരിച്ച സമിതിയുടെ ഭാഗമായി സാധ്യമായതൊക്കെ ചെയ്തു. ഇന്നും ആ ദൗത്യം തുടരുന്നു. മറിച്ചൊരു ധാരണ സൃഷ്ടിക്കുന്നത് സ്വയം സമുദായ സംരക്ഷകരായി ചമയുന്ന പ്രതിരോധ ജിഹാദുകാരാണ്. സത്യവുമായി അതിന് ബന്ധമില്ല. ■